ഉത്തരം

(എ) വിലയിരുത്തി വരുന്നു.

(ബി) യാത്രാപ്പടി ഇനത്തിലെ ചെലവിന്റെ വിവരം ശേഖരിച്ചു വരുന്നു. ടെലഫോൺ ഇനത്തിലെ ചെലവിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 2001-2002 വർഷത്തെ അപേക്ഷിച്ച് ടെലഫോൺ ചെലവിനത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ടെലഫോൺ ഇനത്തിലെ ചെലവ്

2000-2001	1,07,69,618 രൂപ
2001-2002 (1-6-2001 മുതൽ 31-3-2002 വരെ)	54,01,421 രൂപ
2002-2003	62,44,022 രൂപ

(ഇ) എല്ലാ വകുപ്പുകളിലും പൊതുവായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ, വിദേശ യാത്ര, വിമാന യാത്ര, വാഹന ഉപയോഗം, ഇന്ധനം, ഓഫീസ് ചെലവുകൾ, ടെലഫോൺ എന്നീ മേഖലകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വിലയിരുത്തി വരുന്നു.

നാഷണൽ സേവിംഗ്സിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ട തുക

16 (1068) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവത്സര പദ്ധതികളുടെ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും വാർഷിക പദ്ധതികളുടെ ഭാഗമായി നാഷണൽ സേവിംഗ്സിലൂടെ സമാഹരിക്കുവാൻ ലക്ഷ്യമിട്ട തുക എത്ര വീതമായിരുന്നു ;

(ബി) ഒന്നാം വാർഷിക പദ്ധതി കാലത്ത് ലഭിച്ച തുകയെത്ര ;

(സി) രണ്ടാം വാർഷിക പദ്ധതി കാലത്ത് ലഭിച്ച തുകയെത്ര ;

(ഡി) നാഷണൽ സേവിംഗ്സ് സ്കീമിലൂടെ ലക്ഷ്യമിട്ട തുക സമാഹരിക്കാൻ കഴിയാത്തതിനാൽ പദ്ധതി പ്രവർത്തനം ലക്ഷ്യം കൈവരിക്കാൻ കഴിയാതെ പോയിട്ടുണ്ടോ ?

ഉത്തരം

(എ) നടപ്പ് പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2002-03) 4580 കോടി രൂപ മൊത്ത നിക്ഷേപമായും, 1825 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. രണ്ടാം വർഷത്തിൽ (2003-04) 5500

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ മൊത്ത നിക്ഷേപമായും 2200 കോടി നിക്ഷേപമായും സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഒന്നാം വാർഷിക പദ്ധതിക്കാലത്ത് (2002-03) 3123 കോടി രൂപ മൊത്ത നിക്ഷേപമായും 1488 കോടി രൂപ മിച്ച നിക്ഷേപമായും ലഭിച്ചു.

(സി) 2003-04 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മേയ് മാസങ്ങളിലായി മൊത്ത നിക്ഷേപമായി 475 കോടി രൂപയും മിച്ച നിക്ഷേപമായി 193 കോടി രൂപയും ലഭിച്ചു.

(ഡി) ഇല്ല.

നാഷണൽ സേവിംഗ്സ് സ്കീം നറുക്കെടുപ്പുകൾ

17 (1069) ശ്രീമതി മേഴ്സിരവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് സ്കീമിൽ നിക്ഷേപം നടത്തിയിട്ടുള്ളവർക്ക് ഇൻസെന്റീവ് എന്ന നിലയിൽ കൊടുക്കുന്ന സമ്മാനദാനത്തിന് 2002-2003 വർഷത്തേക്കുള്ള നറുക്കെടുപ്പുകളും ബംബർ നറുക്കെടുപ്പും നടത്തിയതെന്നെല്ലാമായിരുന്നു ;

(ബി) ഈ നറുക്കെടുപ്പുകളുടെ ഫലം നിക്ഷേപകരെ അറിയിച്ചത് എപ്രകാരമാണ് ;

(സി) പ്രസ്തുത നറുക്കെടുപ്പുകളിൽ സമ്മാനം കിട്ടിയ ആരെങ്കിലും സമ്മാനം അവകാശപ്പെടാതെയിരുന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ സമ്മാനം അവകാശപ്പെടാത്തവരുടെ പേരുവിവരമടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) 01-04-2002 മുതൽ 30-09-2002 വരെയുള്ള നിക്ഷേപങ്ങൾക്കായുള്ള നറുക്കെടുപ്പ് 22-11-2002-ൽ നടന്നു. 01-10-2002 മുതൽ 31-03-2003 വരെയുള്ള നിക്ഷേപങ്ങൾക്കായുള്ള സാധാരണ നറുക്കെടുപ്പും ബംബർ നറുക്കെടുപ്പും 27-06-2003-ൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്.

(ബി) പ്രമുഖ ദിനപത്രങ്ങളിലൂടെയും ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസുകൾ വഴിയും ഡയറക്ടറേറ്റ് വഴിയുമാണ് നറുക്കെടുപ്പുകളുടെ ഫലം നിക്ഷേപകരെ അറിയിച്ചത്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly